**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 786** **09-08-2023 - ൽ മറുപടിയ്ക്ക്**

**ഒറ്റപ്പാലം - സഹകരണ അംഗ സമാശ്വാസ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. പ്രേംകുമാർ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ സഹകരണ അംഗ സമാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കേണ്ട അപേക്ഷകളുടെ വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ; | (എ) | ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ സഹകരണ അംഗ സമാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായത്തിനായി ഒറ്റപ്പാലം മുൻസിപ്പാലിറ്റിയിൽ 47 എണ്ണവും, കടമ്പഴിപ്പുറം പഞ്ചായത്തിൽ 53 എണ്ണവും, കരിമ്പുഴ പഞ്ചായത്തിൽ 45 എണ്ണവും, അനങ്ങനടി പഞ്ചായത്തിൽ 23 എണ്ണവും, ശ്രീകൃഷ്ണപുരം പഞ്ചായത്തിൽ 48 എണ്ണവും, ലക്കിടി പേരൂർ പഞ്ചായത്തിൽ 11 എണ്ണവും, അമ്പലപ്പാറ പഞ്ചായത്തിൽ 6 എണ്ണവും കൂടി ആകെ 233 അപേക്ഷകൾ നാളിതുവരെ ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത അപേക്ഷകരിൽ എത്ര പേർക്ക് ധനസഹായം ലഭ്യമായിട്ടുണ്ടെന്നും അതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ സഹകരണ അംഗ സമാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായത്തിനായി ഒറ്റപ്പാലം മുൻസിപ്പാലിറ്റിയിൽ 38 അപേക്ഷകളിലായി 8,00,000 രൂപയും, കടമ്പഴിപ്പുറം പഞ്ചായത്തിൽ 52 അപേക്ഷകളിലായി 12,40,000 രൂപയും, കരിമ്പുഴ പഞ്ചായത്തിൽ 43 അപേക്ഷകളിലായി 8,40,000 രൂപയും, അനങ്ങനടി പഞ്ചായത്തിൽ 21 അപേക്ഷകളിലായി 4,80,000 രൂപയും, ശ്രീകൃഷ്ണപുരം പഞ്ചായത്തിൽ 47 അപേക്ഷകളിലായി 10,25,000 രൂപയും, ലക്കിടി പേരൂർ പഞ്ചായത്തിൽ 10 അപേക്ഷകളിലായി 1,85,000 രൂപയും, അമ്പലപ്പാറ പഞ്ചായത്തിൽ 6 അപേക്ഷകളിലായി 1,20,000 രൂപയും കൂടി ആകെ 217 അപേക്ഷകളിലായി 46,90,000 രൂപ നാളിതുവരെ അനുവദിച്ചിട്ടുണ്ട്. |
| (സി) | ധനസഹായം ലഭിച്ചിട്ടില്ലാത്ത അർഹരായ അപേക്ഷകർക്ക് സമയബന്ധിതമായി ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | പ്രസ്തുത ആനുകൂല്യത്തിനായി ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ നിന്നും നാളിതുവരെ ആകെ ലഭിച്ച 233 അപേക്ഷകളിൽ ധനസഹായം അനുവദിച്ച 217 അപേക്ഷകൾ കഴിച്ച് ബാക്കി വരുന്ന 16 അപേക്ഷകളിൽ സമയബന്ധിതമായി പ്രസ്തുത ആനുകൂല്യം ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ